**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:6084** **07/11/2016 ൽ മറുപടിക്ക്**

**എൻ.പി.ലൂസിയുടെ റീ-ഇംപേഴ്സ്മെന്റ് അപേക്ഷ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.ജോൺ ഫെർണാണ്ടസ്:** | **ശ്രീ.വി. എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി)** |
| എ) കാലടി കൃഷി ഓഫീസിൽ നിന്നും 2013-ൽ അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസറായി വിരമിച്ച എൻ.പി. ലൂസി ടിയാളുടെ ഭർത്താവ് ജേക്കബിന്റെ കിഡ്നി ഓപ്പറേഷന് ചെലവായ തുകയുടെ റീ-ഇംപേഴ്സ്മെന്റിനായി 2012-ൽ സമർപ്പിച്ച അപേക്ഷയിൽ നാളിതുവരെ തുക ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ &ബി) ശ്രീമതി. എൻ.പി. ലൂസിയുടെ ഭർത്താവ് കെ.വി ജേക്കബിന് 4/5/2013 മുതൽ 31/5/2013 വരെ കിഡ്നി സംബന്ധമായ ചികിത്സക്ക് എറണാകുളം ലൂർദ്ദ് ആശുപത്രിയിൽ ചെലവായ തുക റീ ഇംപേഴ്സ് ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ശുപാർശയോടുകൂടി 22/7/2014-ലെ AAII(3)17245/14 നമ്പർ കത്ത് പ്രകാരം 11/8/14 ലാണ് സർക്കാരിൽ ലഭ്യമായത്. |
| ബി) പ്രസ്തുത തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | പ്രസ്തുത അപേക്ഷ അപൂർണ്ണമായിരുന്നു. റീ ഇംപേഴ്സ്മെന്റ് അനുവദിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും പ്രസ്തുത രേഖകൾ 18-10-16-ൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത അപേക്ഷ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ